**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3566** **08-10-2025 - ൽ മറുപടിയ്ക്ക്**

**ഭൂമി തരം മാറ്റുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു. എ. ലത്തീഫ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ഭൂമി തരം മാറ്റുന്നതിനുള്ള എത്ര അപേക്ഷകൾ നാളിതുവരെ തീർപ്പാക്കാനുണ്ടെന്ന് വർഷം, ജില്ല എന്നിവ തിരിച്ച് വ്യക്തമാക്കുമോ; | (എ) | ഭൂമി തരം മാറ്റുന്നതിനായി നാളിതുവരെ തീർപ്പാക്കാനുള്ള അപേക്ഷകളുടെ ജില്ലതിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഭൂമി നെൽവയലാണോ തണ്ണീർതടമാണോ എന്ന് തീരുമാനിക്കുന്നത് അടിസ്ഥാന ഭൂനികുതി രജിസ്റ്ററിന്റെയോ/സെറ്റിൽമെന്റ് രജിസ്റ്ററിന്റെയോ അടിസ്ഥാനത്തിലല്ലായെന്ന് ഹൈക്കോടതി കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | ഭൂമി നെൽവയലാണോ, തണ്ണീർത്തടമാണോ എന്ന് തീരുമാനിക്കുന്നത് അടിസ്ഥാന ഭൂനികുതി രജിസ്റ്ററിന്റെയോ/സെറ്റിൽമെന്റ് രജിസ്റ്ററിന്റെയോ അടിസ്ഥാനത്തിലല്ലായെന്ന് ബഹു. ഹൈക്കോടതി കണ്ടെത്തിയിട്ടുണ്ടോയെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | മുൻകാല പ്രാബല്യത്തോടെ തരംമാറ്റൽ ഫീസ് ഈടാക്കുന്നത് കോടതി തടഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (ഡി) | ഭൂമി തരം മാറ്റൽ ഫീസ് ഇനത്തിൽ 2024-25 ലും 2025-26 ൽ നാളിതുവരെയും എത്ര കോടി രൂപ ഈടാക്കി; വിശദാംശം നൽകുമോ; | (ഡി) | ലാൻഡ് റവന്യൂ കമ്മീഷണറുടെ പേരിൽ തരം മാറ്റവുമായി ബന്ധപ്പെട്ട് ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ 2024-25 സാമ്പത്തിക വർഷത്തിൽ ജനുവരി വരെ 279,57,70,265/- രൂപയും, തുടർന്ന് നാളിതുവരെ ലാൻഡ് റവന്യൂകമ്മീഷണറുടെ പേരിൽ വെള്ളയമ്പലം സബ് ട്രഷറിയിൽ STSB അക്കൗണ്ടിൽ 295,20,94,566/- രൂപയും വരവ് വന്നിട്ടുള്ളതാണ്. |
| (ഇ) | ഭൂമി തരം മാറ്റുന്നത് സംബന്ധിച്ച് ഹൈക്കോടതി പുറപ്പെടുവിച്ചിട്ടുള്ള വിധിയുടെ വിശദാംശം ലഭ്യമാക്കാമോ? | (ഇ) | ഭൂമിതരംമാറ്റവുമായി ബന്ധപ്പെട്ട വിവിധ കേസുകളിലായി ബഹു. ഹൈക്കോടതി നിരവധി വിധിന്യായങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളതാണ്. ഏത് കേസിന്മേലുള്ള വിധിയെന്ന് ചോദ്യത്തിൽ വ്യക്തമാക്കിയിട്ടില്ല |

സെക്ഷൻ ഓഫീസർ

അനുബന്ധം

ഭൂമി തരംമാറ്റം- തീർപ്പാക്കാനുള്ള അപേക്ഷകൾ -ജില്ല തിരിച്ചുള്ള എണ്ണം

| നമ്പർ | ജില്ല | തീർപ്പാക്കാനുള്ളവ |
|---|---|---|
| 1 | തിരുവനന്തപുരം | 11,821 |
| 2 | കൊല്ലം | 11,659 |
| 3 | കോട്ടയം | 7,293 |
| 4 | പത്തനംതിട്ട | 3,681 |
| 5 | ആലപ്പുഴ | 12,642 |
| 6 | ഇടുക്കി | 2,652 |
| 7 | എറണാകുളം | 72,766 |
| 8 | തൃശ്ശൂർ | 19,587 |
| 9 | പാലക്കാട് | 21,287 |
| 10 | മലപ്പുറം | 27,773 |
| 11 | കോഴിക്കോട് | 6,153 |
| 12 | വയനാട് | 7,106 |
| 13 | കണ്ണൂർ | 9,906 |
| 14 | കാസർഗോഡ് | 4,517 |